# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2122 — 07.12.2015-ൽ മറുപടിയ്ക്ക്

### ചന്ദനമരങ്ങളുടെ മോഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്.രാജേന്ദ്രൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്തു നിന്ന് ചന്ദനമരങ്ങളുടെ മോഷണം നിയന്ത്രിക്കുന്നതിനായി വനംവകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും പ്രസ്തുത നടപടികൾ ഫലപ്രദമാണോ എന്നു പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ; | (എ) ചന്ദന റിസർവ്വിൽ ചെയിൻ ലിംഗ്ഡ് ഫെൻസിംഗും സോളാർ ഫെൻസിംഗും സ്ഥാപിച്ചും, പകൽ-രാത്രി കാലങ്ങളിൽ ജീവനക്കാരേയും, ദിവസവേതന വാച്ചർമാരേയും ചന്ദന സംരക്ഷണ പ്രവർത്തനങ്ങൾക്കായി നിയോഗിച്ചും. ഡോഗ് സ്ക്വാഡിന്റെ സേവനവും, രാത്രികാലങ്ങളിൽ റിസർവ്വിനകത്തും പുറത്തും വാഹനങ്ങളിൽ പട്രോളിംഗ് നടത്തിയും ചന്ദനമര മോഷണം നിയന്ത്രിക്കുന്നതിനായി സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ വനസംരക്ഷണ സമിതി അംഗങ്ങളുടെ സേവനവും പ്രയോജനപ്പെടുത്തുന്നു. വനംവകുപ്പ് ജീവനക്കാർക്ക് റൈഫിൾ, പിസ്റ്റൽ തുടങ്ങിയ ആയുധങ്ങൾ നൽകിയും ചന്ദനമോഷ്ടാക്കളെ പിടികൂടുന്നതിനായി ചന്ദന റിസർവ്വിൽ പ്രത്യേക സ്ഥലങ്ങളിൽ ഒളിക്യാമറ ഘടിപ്പിച്ചും ചന്ദനമോഷണം ഫലപ്രദമായി തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ചന്ദന റിസർവ്വിനകത്ത് അനധികൃതമായി പ്രവേശിക്കുന്നത് തൽസമയം കണ്ടെത്തി തടയുന്നതിന് അത്യാധുനികമായി 'ഇലക്ട്രോണിക് ഐ' എന്ന സംവിധാനം സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ പൂർത്തിയാക്കി തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ചന്ദന സംരക്ഷണ നിയന്ത്രണം സംബന്ധിച്ച സംവിധാനങ്ങളുടെ ഫലപ്രാപ്തി ഉന്നത ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ പരിശോധിച്ച് ഉറപ്പു വരുത്തുന്നു. വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നേതൃത്വത്തിലുള്ള ചന്ദന മോണിറ്ററിംഗ് സെൽ |

ചന്ദന സംരക്ഷണ നടപടികൾ കാലാകാലങ്ങളിൽ അവലോകനം ചെയ്തു വരുന്നതുമാണ്. ചന്ദന മോഷണ കേസുകളിൽ ഉണ്ടായിട്ടുള്ള ഗണ്യമായ കുറവ് മോഷണ നിയന്ത്രണ സംവിധാനം ഫലപ്രദമാണെന്ന് തെളിയിക്കുന്നു.

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മറയൂർ ചന്ദന ഡിവിഷനിൽ നിന്നും പ്രതി വർഷം മുറിച്ച് മാറ്റപ്പെട്ട ചന്ദനമരങ്ങളുടെ എണ്ണം, ബുക്ക് ചെയ്ത ഒ.ആർ. കേസുകളുടെ എണ്ണം, നഷ്ടപ്പെട്ട ചന്ദനത്തിന്റെ തൂക്കം, കസ്റ്റഡിയിലെടുത്ത ചന്ദനത്തിന്റെ തൂക്കം, അറസ്റ്റു ചെയ്ത പ്രതികളുടെ എണ്ണം, ചാർജ്ജ് ചെയ്ത കേസുകളുടെ എണ്ണം എന്നിവ പ്രത്യേകം ലഭ്യമാക്കുമോ ? | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | വർഷം | മുറിച്ച ചന്ദനമരങ്ങളുടെ എണ്ണം | രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | നഷ്ടപ്പെട്ട ചന്ദനത്തിന്റെ തൂക്കം (കി.ഗ്രാം) | കസ്റ്റഡിയിലെടുത്ത ചന്ദനത്തിന്റെ തൂക്കം (കി.ഗ്രാം) | അറസ്റ്റുചെയ്ത പ്രതികളുടെ എണ്ണം | ചാർജ് ചെയ്ത കേസുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1. | 2011 | 37 | 33 | 122 | 289.50 | 86 | 23 |
| 2. | 2012 | 51 | 30 | 243 | 222.50 | 52 | 2[illegible] |
| 3. | 2013 | 9 | 8 | 61 | 222.40 | 32 | |
| 4. | 2014 | 31 | 25 | 58 | 388.48 | 54 | |
| 5. | 2015 | 19 | 22 | 163 | 301.00 | 30 | |

Chitra
S.O